പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1503 | 03.10.2016 -ൽ മറുപടിക്ക്.

## അവശ്യ സാധനങ്ങളുടെ വില വർദ്ധന

| ചോദ്യം<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഓണക്കാലത്ത് അവശ്യ സാധനങ്ങളുടെ പൂഴ്ത്തിവെയ്പും കരിഞ്ചന്തയും തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടതെന്നു വ്യക്തമാക്കുമോ? | (എ) ഓണക്കാലത്ത് ,അവശ്യ സാധനങ്ങളുടെ പൂഴ്ത്തിവെയ്പും കരിഞ്ചന്തയും തടയുന്നതിനും അവയുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പ് വരുത്തുന്നതിനുമായി മേഖല/ജില്ല/താലൂക്ക് തല പരിശോധനാ സ്ക്വാഡുകളും സംസ്ഥാന തലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25.08.2016 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനകളുടെ വിശദാംശങ്ങൾ നല്കുന്നതിനുമായി 25.08.2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ചും പ്രവർത്തിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ